പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4573

04.02.2014 ൽ മറുപടിക്ക്

## റാന്നി താലൂക്കിലെ റേഷൻ സംഭരണ കേന്ദ്രം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം:

(എ) റേഷൻ കടകളിലൂടെ ഇപ്പോൾ റേഷൻ കാർഡുടമകൾക്ക് നൽകി വരുന്നത് എന്തൊക്കെ സാധനങ്ങൾ എത്രയളവിലാണ് എന്ന് വ്യക്തമാക്കാമോ; റേഷൻ സാധനങ്ങൾ കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് സിവിൽ സപ്ലൈസ് വകുപ്പിനുള്ളതെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് 2014 ജനുവരി മാസത്തിൽ നൽകിയ സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബി.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 1/-രൂപാ നിരക്കിൽ 25 കിലോഗ്രാം അരിയും, 2 /- രൂപ നിരക്കിൽ 5 കിലോഗ്രാം ഗോതമ്പും, കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നൽകി.

എ.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 8.90/-രൂപാ നിരക്കിൽ 10 കിലോഗ്രാം അരിയും, 12/- രൂപാ നിരക്കിൽ കാർഡൊന്നിന് 2 കിലോഗ്രാം ആട്ടയും നൽകി.

എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കിലോഗ്രാം അരി കിലോഗ്രാമിന് 2/- രൂപാ നിരക്കിൽ നൽകുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1/- രൂപാ നിരക്കിൽ 35 കിലോഗ്രാം അരിയും കിലോഗ്രാമിന് 13.50 രൂപാനിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നല്കി. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നു. കൂടാതെ വൈദ്യുതീകരിച്ച വീടുകൾക്ക് 1 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/17.50 രൂപാ നിരക്കിൽ നൽകി.

റേഷൻ വിഹിതം ഉപഭോക്താക്കൾക്ക് കൃത്യമായും അർഹമായ അളവിലും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി താലൂക്ക് സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പരിശോധന നടത്തുന്നുണ്ട്. റേഷൻ കടകളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പരിശോധന നടത്തുകയും റേഷൻകടകളിലെ റിക്കാർഡുകൾ പരിശോധിക്കുകയും ക്രമക്കേടുകൾ ഇല്ല എന്നുറപ്പുവരുത്തുകയും ചെയ്യുന്നു. ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കളിലേയ്ക്കുള്ള നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയുള്ള എസ്.എം.എസ്, അലർട്ട് സംവിധാനമായ എഫ്.എം.പി.ഡി.എസ്. (ഫുഡ് ഗ്രൈൻ മൂവ്മെന്റ് ഫോർ ഇഫക്ടീവ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസലഭ്യത പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ഉപഭോക്താവിന്റെ പരാതികളും നിർദ്ദേശങ്ങളും 1800-425-1550, 1967 എന്നീ ടോൾ ഫ്രീ നമ്പരുകളിലോ, ബന്ധപ്പെട്ട താലൂക്ക്/ജില്ലാ സപ്ലൈ ഓഫീസുകളിലോ, ഭക്ഷ്യമന്ത്രിയുടെ ആഫീസിലോ, സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിലോ അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. ഇതിനുപുറമേ പൊതുവിതരണ സംവിധാനത്തിലൂടെ റേഷൻ വിതരണം കുറ്റമറ്റരീതിയിൽ നടക്കുന്നു എന്ന് ഉറപ്പു വരുത്താൻ സംസ്ഥാന തലത്തിലും, ജില്ല, താലൂക്ക് തലങ്ങളിലും പഞ്ചായത്ത് തലത്തിലും ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| (ബി) റേഷൻ കടകളിലേക്ക് സാധനങ്ങൾ ഇപ്പോൾ വിതരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗമെന്താണ്; | (ബി) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന അലോട്ട്മെന്റ് അനുസരിച്ച് എ.പി.എൽ (നോർമൽ), എ.പി.എൽ (എസ്.എസ്), ബി.പി.എൽ, എ.എ.വൈ. വിഭാഗങ്ങൾക്കായി കാർഡിന്റെ എണ്ണമനുസരിച്ച് ഓരോ ജില്ലയ്ക്കും അനുവദിക്കുകയും ജില്ലകളിൽനിന്നും അതോറിറ്റി ലിസ്റ്റ് |

കണക്കാക്കി ബന്ധപ്പെട്ട എഫ്.സി.ഐ. യിൽ നിന്നോ സപ്ലൈകോയിൽ നിന്നോ അംഗീകൃത മൊത്തവ്യാപാരികൾ വിട്ടെടുത്ത് റേഷൻകടകൾ മുഖാന്തിരം വിതരണം ചെയ്യുകയും ചെയ്യുന്നു. ജില്ലകൾക്ക് ലഭിക്കുന്ന അലോട്ട്മെന്റ് പ്രകാരം പഞ്ചസാര സപ്ലൈകോയിൽ നിന്നും വിട്ടെടുക്കുകയും സപ്ലൈകോയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന മണ്ണെണ്ണ, വകുപ്പിൽനിന്നും നൽകുന്ന നടപടിക്രമത്തിനനുസരിച്ച്, മണ്ണെണ്ണ മൊത്ത വ്യാപാരികൾ എണ്ണക്കമ്പനികളുടെ മണ്ണെണ്ണ ഡിപ്പോയിൽനിന്നും വിട്ടെടുക്കുകയും റേഷൻ വ്യാപാരികൾ മൊത്തവ്യാപാരികളിൽ നിന്നും വിട്ടെടുക്കുകയും ചെയ്താണ് ഉപഭോക്താക്കൾക്ക് മണ്ണെണ്ണ വിതരണം നടത്തുന്നത്.

| | | | |
|---|---|---|---|
| (സി) | ഒരു താലൂക്കിലെ മുഴുവൻ റേഷൻ കടകൾക്കും നൽകേണ്ട സാധനങ്ങൾ ഒരു സംഭരണ കേന്ദ്രത്തിൽ സൂക്ഷിക്കുന്നതിനായി താലൂക്കിൽ ഒന്ന് എന്ന നിരക്കിൽ നിർമ്മിക്കാനുദ്ദേശിച്ച സംഭരണകേന്ദ്രങ്ങളുടെ നിർമ്മാണം ഏതെങ്കിലും സ്ഥലത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ; | (സി) | എല്ലാ താലൂക്കുകളിലും ഇന്റർ മീഡിയറ്റ് ഗോഡൗണുകൾ തുടങ്ങുക എന്ന ലക്ഷ്യത്തോടുകൂടി നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |
| (ഡി) | റാന്നി താലൂക്കിനുവേണ്ടി ഇത്തരം സംഭരണകേന്ദ്രം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെ; എത്ര സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്; ഈ സ്ഥലം സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; അടിയന്തരമായി ഈ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | റാന്നി താലൂക്കിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. റാന്നി താലൂക്കിലെ ചെറുകോൽ വില്ലേജിൽ സർവ്വേ നമ്പർ 102/2005-ൽപ്പെട്ട 1.60 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറുന്നതിന് ജില്ലാ കളക്ടർക്ക് സിവിൽ സപ്ലൈസ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സ്ഥലം വകുപ്പിന് പതിച്ചുകിട്ടുന്നതിന് സമർപ്പിച്ച അപേക്ഷയിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പത്തനംതിട്ട ജില്ലാ സപ്ലൈ ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ